**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മഹിളാ കിസാൻ സശാക്തീകരൺ പരിയോജനയുടെ ഉപ പദ്ധതിയായ ബയോ ആർമിയിലെ തെങ്ങുകയറ്റ പരിശീലനാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും അതിനാവശ്യമായ തുക എം.കെ.എസ്.പിയുടെ പരിഷ്കരിച്ച പ്രോജക്ട് പ്രൊപ്പോസൽ പ്രകാരം അനുവദിച്ചിട്ടുള്ള കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഇൻഷ്വറൻസ് ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

================================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.3537/16/തസ്വഭവ തിരുവനന്തപുരം, തീയതി: 28.12.2016.**

================================================================================

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 01-12-2016 തീയതിയിലെ 14852/ഡിപി1/2014/സി.ആർ.ഡി(1) നമ്പർ കത്ത്.

**ഉത്തരവ്**

മഹിളാ കിസാൻ സശാക്തീകരൺ പരിയോജനയുടെ (എം.കെ.എസ്.പി) ഉപ പദ്ധതിയായ ബയോ ആർമി മലപ്പുറം, പാലക്കാട്, തൃശ്ശൂർ, കോഴിക്കോട്, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിൽ നടപ്പിലാക്കുന്ന വിവിധ തൊഴിൽ മേഖലകളിലെ പരിശീലന പരിപാടികളിൽ തെങ്ങുകയറ്റ പരിശീലനം നൽകുന്ന പരിശീലനാർത്ഥികൾക്ക് പരിശീലനം ആരംഭിക്കുന്ന ആദ്യ ദിവസം മുതൽ കേന്ദ്ര നാളികേര വികസന ബോർഡിന്റെ മാതൃകയിൽ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനും ഇതിനാവശ്യമായ തുക എം.കെ.എസ്.പി.യുടെ പരിഷ്കരിച്ച പ്രോജക്ട് പ്രൊപ്പോസൽ പ്രകാരം അനുവദിച്ചിട്ടുള്ള കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഇൻഷ്വറൻസ് ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനും പ്രതിവർഷം പരിശീലനാർത്ഥികൾക്ക് 120/- രൂപാ പ്രീമിയത്തിൽ ചികിത്സാ ധനസഹായമായി 20,000/- രൂപയും അപകട മരണത്തിന് ഒരു ലക്ഷം രൂപയും സഹായധനമായി ലഭിക്കുന്ന രീതിയിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിന് യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനിയെ ഏർപ്പെടുത്തുന്നതിനും അനുമതി നല്കണമെന്ന് മുകളിൽ പരാമർശിച്ച കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. ബയോ ആർമിയിലെ തെങ്ങുകയറ്റ പരിശീലനാർത്ഥികൾക്ക് പരിശീലനം ആരംഭിക്കുന്ന ദിവസം മുതൽ യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് പ്രതിവർഷം ഒരാൾക്ക് 120/- രൂപാ പ്രീമിയത്തിൽ ചികിത്സാ ധനസഹായമായി 20,000/- രൂപയും അപകട മരണത്തിന് സഹായധനമായി ഒരു ലക്ഷം രൂപയും ലഭിക്കുന്ന രീതിയിൽ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനും ഇതിനാവശ്യമായ തുക എം.കെ.എസ്.പി.യുടെ പരിഷ്കരിച്ച പ്രോജക്ട് പ്രൊപ്പോസൽ

പ്രകാരം അനുവദിച്ചിട്ടുള്ള കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഇൻഷ്വറൻസ് ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ഡി.സന്തോഷ്**

**ഡെപ്യൂട്ടി സെക്രട്ടറി**

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മഹിളാ കിസാൻ സശാക്തീകരൺ പരിയോജന, ഇ.റ്റി.സി ക്വാർട്ടേഴ്സ്, ഒല്ലൂക്കര, തൃശ്ശൂർ.
2. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ